**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **08-05-2017 ലെ**
**ചോദ്യം നം. 2505** **മറുപടി**

**ചെങ്ങന്നൂർ ഹൈഡ്രോളജി ഡിവിഷന്റെ വാഹനം തിരികെ നൽകാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | ചെങ്ങന്നൂർ ഹൈഡ്രോളജി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ KL 30 A/9090 (മഹേന്ദ്ര സൈലോ) നമ്പർ വാഹനം താൽക്കാലിക ഉപയോഗത്തിനായി എറണാകുളം ഇറിഗേഷൻ ഡിവിഷനിലേക്ക് കൊണ്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എറണാകുളം ഇറിഗേഷൻ ഡിവിഷനിലെ താൽക്കാലിക ഉപയോഗത്തിനുശേഷം വാഹനം തിരികെ ചെങ്ങന്നൂർ ഹൈഡ്രോളജി ഡിവിഷന് കൈമാറാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ; | (ബി) & (സി) | ഇറിഗേഷൻ ഡിവിഷൻ, എറണാകുളത്തിന്റെ കീഴിൽ നബാർഡ് സ്കീമുകളുമായി ബന്ധപ്പെട്ട High Value works കൈകാര്യം ചെയ്തുവരുന്നു. കൂടാതെ സിയാൽ അന്താരാഷ്ട്ര വിമാനത്താവളത്തിന് വളരെ അടുത്തായതിനാൽ വകുപ്പുതല അതിഥികൾ, സെൻട്രൽ വാട്ടർ കമ്മീഷൻ അംഗങ്ങൾ എന്നിവർ വരുമ്പോൾ ഈ വാഹനമാണ് ഉപയോഗിക്കുന്നത്. ചെങ്ങന്നൂർ ഹൈഡ്രോളജി ഡിവിഷന്റെ ജോലിഭാരം ഇറിഗേഷൻ ഡിവിഷൻ, എറണാകുളത്തിനെ അപേക്ഷിച്ച് താരതമ്യേന കുറവാണ്. ഈ വാഹനത്തിന് പകരമായി ചെങ്ങന്നൂർ ഡിവിഷന് എറണാകുളം ഡിവിഷന്റെ കെ.എൽ.7-ബി.ക്യൂ.5 മഹീന്ദ്ര(ബൊലേറോ) വാഹനം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വാഹനം ഹൈഡ്രോളജി ഡിവിഷന് കൈമാറുന്നതിനുള്ള തടസ്സം എന്താണെന്ന് വെളിപ്പെടുത്തുമോ; | | |
| (ഡി) | വാഹനം പ്രസ്തുത ഡിവിഷന് എന്ന് തിരികെ നൽകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | വാഹനം തിരികെ നൽകുന്നതിനായി ഹൈഡ്രോളജി ചെങ്ങന്നൂർ ഡിവിഷന്റെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിനായി രണ്ട് ഡിവിഷനുകളുടെയും ജോലിഭാരം സംബന്ധിച്ച വിശദാംശം നൽകുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**